2013-14 2014-15	എം.എ. ഇക്ബാൽ, മാസ്റ്റിക്, മൂളിയാർ പി. കെ. ഹംസ, കുതിരിയിൽ ഹൗസ്, പെരുമ്പള

കോൺട്രാക്ടർ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ട് പണി പുനരാരംഭിച്ചാൽ 2017 മാർച്ചോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തടയണകൾ നിർമ്മിക്കാൻ പദ്ധതി

194 (883). ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly